**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 122** **04-02-2026 - ൽ മറുപടിയ്ക്ക്**

**വയോമിത്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ദെലീമ,<br>ശ്രീ. എ. പ്രഭാകരൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ള പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്നുകൾ, കൗൺസിലിംഗ്, പാലിയേറ്റീവ് സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിൽ വയോമിത്രം പദ്ധതി പ്രയോജനകരമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന സാമൂഹ്യ സുരക്ഷ ആവശ്യമായ 65 വയസ്സ് കഴിഞ്ഞ മുതിർന്നപൗരന്മാർക്ക് മാനസിക ഉല്ലാസവും, ആരോഗ്യപരിരക്ഷയും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോട് കൂടി 2010-2011 വർഷം മുതൽ "വയോമിത്രം" പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച വയോമിത്രം പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലുമായി ആകെ 104 യൂണിറ്റുകളിൽ വളരെ വിജയകരമായാണ് പ്രവർത്തിച്ചു വരുന്നത്. പദ്ധതി പ്രകാരമുള്ള മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്നുകൾ, കൗൺസിലിംഗ്, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങൾ ഗുണഭോക്താവിന്റെ അടുത്ത് എത്തിക്കുവാൻ കഴിയുന്നു എന്നതാണ് പ്രസ്തുത പദ്ധതിയുടെ സവിശേഷത. വയോജനങ്ങളെ ഏറെ അലട്ടുന്ന ജീവിതശൈലി രോഗ നിയന്ത്രണം, മരുന്നുകൾ, കൗൺസിലിംഗ്, പാലിയേറ്റീവ് സേവനം, ഹെല്പ് ഡസ്ക് സേവനം, വാതിൽപ്പടി സേവനം എന്നിവ പദ്ധതിയുടെ ഭാഗമായി നൽകി വരുന്നുണ്ട്. കൂടാതെ ഗുണഭോക്താക്കൾക്ക് മാനസിക ഉല്ലാസം പ്രദാനം ചെയ്യുന്ന ഉല്ലാസയാത്രകൾ, വിവിധ ദിനാചരണ പരിപാടികൾ, വാർഡ് തലത്തിൽ വയോജന ക്ലബ് രൂപീകരിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയവ ഇതിൽ പ്രധാനമാണ്. ഈ രീതിയിൽ മേൽ പദ്ധതി വയോജനങ്ങൾക്ക് വളരെ ഗുണകരമായി കാണുകയും, 2016-17 സാമ്പത്തിക വർഷം മുതൽ |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട മുനിസിപ്പാലിറ്റി ഭരണസമിതികളുടെ ആവശ്യ പ്രകാരം പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രയോജനം നിലവിൽ 2.91 ലക്ഷം പേർക്ക് ലഭിച്ചു വരുന്നു. |
| (ബി) | വയോജനങ്ങളുടെ മാനസികോല്ലാസവും ആരോഗ്യവും ഉറപ്പാക്കുന്നതിനായി വയോമിത്രം പദ്ധതി വഴി കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്രപേർക്ക്, എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന സാമൂഹ്യ സുരക്ഷ ആവശ്യമായ 65 വയസ്സ് കഴിഞ്ഞ മുതിർന്നപൗരന്മാർക്ക് മാനസിക ഉല്ലാസവും, ആരോഗ്യപരിരക്ഷയും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോട് കൂടി 2010-2011 വർഷം മുതൽ "വയോമിത്രം" പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച വയോമിത്രം പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലുമായി ആകെ 104 യൂണിറ്റുകളിൽ വളരെ വിജയകരമായാണ് പ്രവർത്തിച്ചു വരുന്നത്. പദ്ധതി പ്രകാരമുള്ള മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്നുകൾ, കൗൺസിലിംഗ്, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങൾ ഗുണഭോക്താവിന്റെ അടുത്ത് എത്തിക്കുവാൻ കഴിയുന്നു എന്നതാണ് പ്രസ്തുത പദ്ധതിയുടെ സവിശേഷത. വയോജനങ്ങളെ ഏറെ അലട്ടുന്ന ജീവിതശൈലി രോഗ നിയന്ത്രണം, മരുന്നുകൾ, കൗൺസിലിംഗ്, പാലിയേറ്റീവ് സേവനം, ഹെല്പ് ഡസ്ക് സേവനം, വാതിൽപ്പടി സേവനം എന്നിവ പദ്ധതിയുടെ ഭാഗമായി നൽകി വരുന്നുണ്ട്. കൂടാതെ ഗുണഭോക്താക്കൾക്ക് മാനസിക ഉല്ലാസം പ്രദാനം ചെയ്യുന്ന ഉല്ലാസയാത്രകൾ, വിവിധ ദിനാചരണ പരിപാടികൾ, വാർഡ് തലത്തിൽ വയോജന ക്ലബ് രൂപീകരിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയവ ഇതിൽ പ്രധാനമാണ്. ഈ രീതിയിൽ മേൽ പദ്ധതി വയോജനങ്ങൾക്ക് വളരെ ഗുണകരമായി കാണുകയും, 2016-17 സാമ്പത്തിക വർഷം മുതൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റി ഭരണസമിതികളുടെ ആവശ്യ പ്രകാരം പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രയോജനം നിലവിൽ 2.91 ലക്ഷം പേർക്ക് ലഭിച്ചു വരുന്നു. |
| (സി) | നിലവിലുണ്ടായിരുന്ന വയോമിത്രം പദ്ധതിയോടൊപ്പം 2016-ന് ശേഷം പുതുതായി എന്തെല്ലാം അധിക സേവനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | വയോമിത്രം പദ്ധതി സേവനങ്ങളിൽ വയോക്ലബുകൾ, ചിലയിടങ്ങളിൽ വയോജന പാർക്കുകൾ ,കൗൺസിലിംഗ്, വാതിൽപ്പടി സേവനങ്ങൾ , കൂടുതൽ മാനസിക ഉല്ലാസ പ്രദമായ വിവിധ പരിപാടികൾ തുടങ്ങിയവ കൂടി 2016 നു ശേഷം ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി നഗരസഭാ പരിധിയിലുള്ളതുപോലെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നിലവിൽ സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലുമായി ആകെ 104 വയോമിത്രം യൂണിറ്റുകൾ വളരെ വിജയകരമായാണ് പ്രവർത്തിച്ചു വരുന്നത്.പ്രസ്തുത പദ്ധതി ബാക്കിയുള്ള 148 ബ്ലോക്ക് പഞ്ചായത്തുകളിൽ കൂടി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ